LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന കുട്ടനാട് പാക്കേജിന്റെ നടത്തിപ്പ് വിവിധ തലങ്ങളിൽ വിശകലനം ചെയ്യുന്നുണ്ട്. കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായുള്ള ടാക്സ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി കുട്ടനാട് പാക്കേജിന്റെ നടത്തിപ്പിന്റെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്യുന്നുണ്ട്. ചീഫ് സെക്രട്ടറി ചെയർമാനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി കുട്ടനാട് പാക്കേജിൽ പ്രതിപാദിച്ചിട്ടുള്ള പ്രവൃത്തികളുടെ അവലോകനം മൂന്ന് മാസത്തിലൊരിക്കൽ നടത്തുന്നുണ്ട്. ഇത് കൂടാതെ കേന്ദ്ര സർക്കാരിന്റെ കോ-ഓർഡിനേഷൻ കമ്മിറ്റിയും ജില്ലാ കളക്ടർമാർ തലവന്മാരായിട്ടുള്ള ജില്ലാതല കമ്മിറ്റികളും എല്ലാ മാസവും കുട്ടനാട് പാക്കേജിന്റെ പുരോഗതി വിലയിരുത്തുന്നുണ്ട്. മുഖ്യമന്ത്രി ചെയർമാനായ കുട്ടനാട് പാക്കേജ് പ്രോസ്പിരിറ്റി കൗൺസിൽ രൂപീകരിക്കുന്നത് കുട്ടനാട് പാക്കേജിനെ സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും നയപരമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമാണ്. ഇതിനായി എല്ലാ മാസവും യോഗം ചേരുന്നത് പ്രായോഗികമല്ല. എന്നിരുന്നാലും ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രോസ്പിരിറ്റി കൗൺസിൽ നിശ്ചിത വേളകളിൽ യോഗം ചേരുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. തോമസ് ചാണ്ടി : സർ, ഇതിനുവേണ്ടി ഇപ്പോൾ മങ്കൊമ്പിൽ ഒരു ചെറിയ ഓഫീസുണ്ട്. ഇതിന്റെ വിവരങ്ങൾ അവിടെ ചെന്ന് ചോദിക്കുമ്പോൾ പറയും ഇത് ഇവിടെ ലഭ്യമല്ല, ചെങ്ങന്നൂർ പോകണമെന്ന്. അങ്ങ് ഇടപെട്ട് കുട്ടനാട് പാക്കേജിന്റെ ഓഫീസ് കുട്ടനാടിന്റെ മദ്ധ്യഭാഗത്ത്, ഒന്നുകിൽ മങ്കൊമ്പിലോ അല്ലെങ്കിൽ ആലപ്പുഴയിലോ ചങ്ങനാശ്ശേരിയിലോ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : കുട്ടനാട് പാക്കേജിന്റെ ഓഫീസ് മങ്കൊമ്പിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

III സബ്മിഷൻ

മി. ഡെപ്യൂട്ടി സ്പീക്കർ : മൊത്തം 21 സബ്മിഷനുകളാണുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ പരമാവധി ചുരുക്കി സംസാരിക്കുവാനും മറുപടി പരമാവധി ചുരുക്കി പറയാനുമുള്ള സൻമനസ്സ് കാണിക്കണം.

(1) പി.എസ്.സി. നിയമനങ്ങൾ

ശ്രീ. ബാബു. എം. പാലിശ്ശേരി : സർ, ഇപ്പോൾ നമ്മുടെ നാട്ടിൽ ഏറ്റവും ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒന്നാണല്ലോ പി.എസ്.സി. നിയമനങ്ങളും അതിലെ ചില അപാകതകളും. വളരെ സുതാര്യമായും മാതൃകാപരമായുമാണ് പി.എസ്.സി. പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പി.എസ്.സി.യെയും ഗവൺമെന്റിനെയും നോക്കുകുത്തിയാക്കിയാണ് നടപടിക്രമങ്ങളിലെ ചില പഴുതുകൾ ദുരുപയോഗം ചെയ്ത് അഴിമതിക്കാരായ ചില ഉദ്യോഗസ്ഥന്മാർ അസൂത്രിതമായി നിയമനത്തട്ടിപ്പ് നടത്തി

നാണക്കേടുണ്ടാക്കിയത്. മേലിൽ ഇത് ആവർത്തിക്കാതിരിക്കാൻ ഗവൺമെന്റ് കൈക്കൊണ്ട കർശന നടപടികൾക്കൊപ്പം റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന മുഴുവൻ പേർക്കും പൊതുജനങ്ങൾക്കും നിയമനങ്ങളെ കുറിച്ച് സോഷ്യൽ ഓഡിറ്റ് നടത്താൻ കഴിയുന്ന വിധത്തിൽ ജില്ലാതലത്തിലുള്ള നിയമനത്തിൽ എല്ലാ ജില്ലകളിലും ഉദ്യോഗാർത്ഥികളുടെ ഫോട്ടോ സഹിതം പൂർണ്ണ അഡ്രസ്സോടുകൂടിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്താനും അപേക്ഷ സമർപ്പിക്കുമ്പോൾ ഫോട്ടോ സഹിതം അപേക്ഷ സ്വീകരിച്ച് ഫോട്ടോ സഹിതമുള്ള ഹാൾ ടിക്കറ്റ് പരീക്ഷകൾക്കും ഇന്റർവ്യൂവിനും നൽകുന്നതിനുമുള്ള നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, വയനാട് ജില്ലയിലെ വ്യാജ നിയമനങ്ങൾ സംബന്ധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, ഇത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി 4-12-2010-ന് ലാൻറ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് ബന്ധപ്പെട്ട റവന്യൂ വകുപ്പിലെ വ്യാജരേഖ ചമച്ച് നിയമനം നടത്തിയതായി പറയുന്ന എട്ട് പേരെ കണ്ടെത്തി അവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും ഡെപ്യൂട്ടി കളക്ടർ ഉൾപ്പെടെ മൂന്ന് പേരെ സസ്പെന്റ് ചെയ്യുകയും കൂടാതെ പ്രസ്തുത നിയമനത്തട്ടിപ്പ് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താനും ഇക്കാര്യം ക്രൈംബ്രാഞ്ച് മുഖേന അന്വേഷണം നടത്താനും 10-12-2010-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. മാത്രമല്ല, എല്ലാ ജില്ലകളിലും റവന്യൂ വകുപ്പിലെ കഴിഞ്ഞ 10 വർഷക്കാലത്തെ പുതിയ നിയമനങ്ങൾ പി.എസ്.സി.യുമായി ബന്ധപ്പെട്ട് സമയബന്ധിതമായി പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമന ശുപാർശ ഫോട്ടോ പതിച്ച അഡ്മിഷൻ ടിക്കറ്റ് ശാരീരിക അടയാളങ്ങൾ, ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇതിനുപുറമേ വയനാട് ജോലി തട്ടിപ്പുമായി ബന്ധപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് 8-12-2010-ലെ മന്ത്രിസഭായോഗം വിശദമായി പരിശോധിക്കുകയും നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയുമുണ്ടായി. വയനാട് ജില്ലാ കളക്ടറെ സസ്പെൻഡ് ചെയ്യുകയും ഈ കേസിൽ വിശദമായ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുവാൻ ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ കേസുമായി ബന്ധപ്പെട്ട ജീവനക്കാരുടെ അഴിമതികളെക്കുറിച്ച് അന്വേഷണം നടത്താൻ വിജിലൻസിനെ ചുമതലപ്പെടുത്തുകയും കഴിഞ്ഞ പത്ത് വർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും സമഗ്രമായ വെരിഫിക്കേഷൻ നടത്തുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിൻകീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട്കൂടി

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിയ ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും സമഗ്രമായ വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിൻകീഴിൽ സ്പെഷ്യൽ സെൽ രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകരിച്ച സാഹചര്യത്തിൽ പി.എസ്.സി. നിയമനങ്ങൾ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതിന്റെ ആവശ്യകത ഇപ്പോൾ ഉള്ളതായി കാണുന്നില്ല.

(2) മദ്യദുരന്തം

ശ്രീ. കെ. ടി. ജലീൽ : സർ, നമ്മുടെ നാടിനെ നടുക്കിയ, മദ്യ ദുരന്തം മൂലം കുറ്റിപ്പുറത്തും വണ്ടൂരിലുമുള്ള നിരവധി ആളുകളുടെ ജീവൻ കവർന്നെടുക്കപ്പെട്ടു. ഗവൺമെന്റ് അക്കാര്യത്തിൽ കർശനമായ ഇടപെടലുകൾ നടത്തി. കുറ്റവാളികളെ പിടികൂടി. ബന്ധപ്പെട്ട കുടുംബങ്ങൾക്ക് നഷ്ടപരിഹാരം പ്രഖ്യാപിക്കുകയും അത് നൽകുകയും ചെയ്തു. എന്നാൽ ക്യാബിനറ്റ് തീരുമാനിച്ച നഷ്ടപരിഹാരം കുറ്റിപ്പുറം പഞ്ചായത്തിലെ പെരശ്ശന്നൂർ സുബ്രഹ്മണ്യൻ എന്ന് പറയുന്ന ആളുടെ കുടുംബത്തിന് ഇതുവരെ ലഭിച്ചിട്ടില്ല. അതിന്റെ കാരണം സുബ്രഹ്മണ്യന്റെ മരണം മദ്യദുരന്തത്തിന്റെ ഭാഗമായിട്ടുള്ളതാണെന്ന് അറിയുന്നതിനുമുമ്പ് മൃദദേഹം മറവ് ചെയ്തതാണ്. കളക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും അവിടെ വന്ന് ശവം പുറത്തെടുത്ത് വീണ്ടും പോസ്റ്റുമോർട്ടം നടത്തണമെന്ന് പറഞ്ഞപ്പോൾ അവരുടെ മതാചാരപ്രകാരം അതിൽ ചില ബുദ്ധിമുട്ടുകളുണ്ടെന്ന് അറിയിക്കുകയും എന്നാൽ അത് വേണ്ടായെന്ന് കളക്ടറടക്കമുള്ള ആളുകൾ തീരുമാനിക്കുകയുമായിരുന്നു. ഇതുവരെ ക്യാബിനറ്റ് തീരുമാനിച്ചതുപ്രകാരമുള്ള നഷ്ടപരിഹാരം സുബ്രഹ്മണ്യന്റെ കുടുംബത്തിന് ലഭ്യമായിട്ടില്ല. ഈ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് അങ്ങ് പ്രത്യേകം മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മദ്യ ദുരന്തമുണ്ടായ അഞ്ച് സ്ഥലത്തുള്ള മദ്യഷാപ്പുകൾ ഇനി മേലിൽ തുറക്കരുത് എന്ന പ്രദേശവാസികളുടെ ശക്തമായിട്ടുള്ള അഭിപ്രായം ഗവൺമെന്റ് പരിഗണിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ് അച്ചുതാനന്ദൻ) : സർ, മലപ്പുറം ജില്ലയിലുണ്ടായ മദ്യദുരന്തത്തെത്തുടർന്ന് സർക്കാർ നിർദ്ദേശപ്രകാരം കള്ളുഷാപ്പുകൾ അടച്ചുപൂട്ടിയില്ല. ദുരന്തത്തെ തുടർന്ന് പല കള്ളുഷാപ്പുകളും ലൈസൻസികൾ സ്വമേധയാ അടച്ചിടുകയായിരുന്നു. പെരശ്ശന്നൂർ സ്വദേശി കെ. പി. സുബ്രഹ്മണ്യൻ ദുരന്തത്തിന് ഒരു ദിവസം മുമ്പാണ് മരിച്ചത്. പോസ്റ്റുമോർട്ടം നടത്താതെ മൃതദേഹം സംസ്ക്കരിച്ചതിനാൽ മരണത്തിന് കാരണം വിഷമദ്യമാണോ എന്ന കാര്യം ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വ്യാജമദ്യം ഉപയോഗിച്ചവരുടേതിന് സമാനമായ ശാരീരിക അസ്വസ്ഥതകൾ മേൽപ്പടിയാൻ പ്രകടിപ്പിച്ചിരുന്നതായി ആശ്രിതരിൽ നിന്നും അറിയാൻ കഴിഞ്ഞതായി മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ പത്രമാധ്യമങ്ങളിൽ മരണം ഹൃദയാഘാതം മൂലമാണ് എന്നും റിപ്പോർട്ട് വന്നിട്ടുണ്ട്. കെ. പി. സുബ്രഹ്മണ്യത്തിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly